(ഡി) ആക്കുളം പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടങ്ങൾക്കായി ഏകദേശം 13 കോടി രൂപ വേണ്ടിവരും. എന്നാൽ എക്കോ ടൗൺഷിപ്പിന് വേണ്ടി വരുന്ന ചെലവ് ഇപ്പോൾ കണക്കാക്കിയിട്ടില്ല.

(ഇ) ആക്കുളം പദ്ധതിയ്ക്കാവശ്യമായ തുക ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും സമാഹരിക്കാൻ ഉദ്ദേശിക്കുന്നു. കൊച്ചി എക്കോ ടൗൺഷിപ്പ് പദ്ധതി ഹഡ്കോയുമായി ചേർന്ന് സംയുക്തസംരംഭമായോ/ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് വായ്പ സമാഹരിച്ചോ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

ഭൂമിയ്ക്ക് ബെറ്റർമെന്റ് ലെവി ചുമത്തൽ

6 (*505) ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. എം. എ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജില്ലാ കേന്ദ്രങ്ങളിലും മറ്റു പ്രധാന കേന്ദ്രങ്ങളിലും മിനി ടൗൺഷിപ്പുകൾ നിർമ്മിക്കാനുദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം പ്രധാന കേന്ദ്രങ്ങളിലാണ് മിനി ടൗൺഷിപ്പുകൾ നിർമ്മിക്കേണ്ടതെന്ന് തീരുമാനിച്ചുവോ ;

(സി) സംസ്ഥാനത്ത് ടൗൺഷിപ്പുകളും മിനി ടൗൺഷിപ്പുകളും നിർമ്മിക്കുന്നത് സംബന്ധിച്ച് നിയമനിർമ്മാണം നടത്തുവാൻ ഉദ്ദേശ്യമുണ്ടോ ;

(ഡി) ടൗൺഷിപ്പുകളും മിനി ടൗൺഷിപ്പുകളും രൂപീകരിക്കപ്പെടുമ്പോൾ അവിടെയുള്ള ഭൂമിയ്ക്ക് വില കൂടുകയും പ്രാധാന്യം കൈവരുകയും ചെയ്യുന്നതനുസരിച്ച് ബെറ്റർമെന്റ് ലെവി ചുമത്താൻ ഉദ്ദേശ്യമുണ്ടോ ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ,

(എ&ബി) സംസ്ഥാനത്തിലെ എല്ലാ ജില്ലകളിലും ഏകദേശം 15 ഏക്കർ ഭൂമി വീതം വിലയ്ക്കുവാങ്ങി ആവശ്യമായ വികസന പ്രവർത്തനങ്ങൾ ചെയ്ത് മിനി ടൗൺഷിപ്പുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നു.

(സി&ഡി) ഇപ്പോൾ പരിഗണനയിലില്ല.

എല്ലാ ഭവനരഹിതർക്കും വീട് ലഭ്യമാക്കുന്നതിന് നടപടി

7(*506) ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. എ. പി. അനിൽകുമാർ :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എല്ലാ ഭവന രഹിതർക്കും സ്വന്തം വീടുകൾ ലഭിക്കുന്നതിനായി ഇനി എത്ര വീടുകൾ കൂടി നിർമ്മിക്കേണ്ടതുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly